**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4127** **03-03-2023 - ൽ മറുപടിയ്ക്ക്**

**നഞ്ച ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നഞ്ച ഭൂമിയായിട്ടുള്ള മേഖലകളിലെ അതീവ ദരിദ്രരായ ലൈഫ് ഗുണഭോക്താക്കളുടെ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതായതിനാൽ കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ലൈഫ് ഗുണഭോക്താക്കളുടെ ഭൂമിയിൽ കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കുന്നതിനായി പ്രാദേശിക നിരീക്ഷണ സമിതികളുടെ വ്യക്തമായ റിപ്പോർട്ട് സഹിതമുള്ള പ്രൊപ്പോസലുകൾ സമയ ബന്ധിതമായി തയ്യാറാക്കി ജില്ലാതല സമിതികളിൽ സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ബഹു. തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15.10.2022-ന് ചേർന്ന യോഗ തീരുമാന പ്രകാരം ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സ്വന്തമായി വേറെ ഭൂമിയില്ലാത്ത ലൈഫ് ഗുണഭോക്താക്കൾക്ക് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട നഞ്ച ഭൂമിയിൽ ലൈഫ് ഭവന പദ്ധതി പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് 2018 ലെ നെൽ വയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല. |
| (സി) | ഭൂരിഭാഗം ഭൂമിയും നഞ്ച വിഭാഗത്തിൽപ്പെട്ട കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ ലൈഫ് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിന് പ്രത്യേക അനുമതി തേടികൊണ്ടുള്ള ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനത്തിൻമേൽ( റെസിപ്റ്റ് നമ്പർ: 6975467)സ്വീകരിച്ച നടപടി അറിയിക്കുമോ? | (സി) | ഈ വിഷയം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഡി.ഇ.3/107/2023/തസ്വഭവ നമ്പർ ഫയലിൽ പരിശോധിക്കുകയും 17.02.2023 ലെ കത്ത് പ്രകാരം പ്രകാരം റിപ്പോർട്ടിനായി ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അയച്ച നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ